## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 130.

28.11.2018 ൽ

മറുപടിക്ക്

### തെരുവ് നായ്ക്കളെ ദത്തെടുത്ത് പരിശീലനം നൽകുന്ന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി.മമ്മൂട്ടി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തെരുവ് നായ്ക്കളെ ദത്തെടുത്ത് പരിശീലനം നൽകുന്നതിന് കേരള പോലീസിന് എന്തെങ്കിലും പദ്ധതിയുണ്ടോ; നേരത്തെ ഇത്തരം പദ്ധതി ഉണ്ടായിരുന്നോ; ഇത് സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ<br><br>(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് ആരാണ് സമർപ്പിച്ചത് എന്നും എന്നാണ് സമർപ്പിച്ചത് എന്നും വ്യക്തമാക്കുമോ; ഇപ്രകാരം റിപ്പോർട്ട് നൽകുന്നതിന് ഗവൺമെന്റ് ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ; വിശദവിവരം നൽകുമോ; | (എ) യും (ബി) യും | കേരള നിയമസഭയുടെ ഹർജ്ജികൾ സംബന്ധിച്ച നിയമസഭാ സമിതി (2014-16) യുടെ 9-ാമത് റിപ്പോർട്ടിലെ 23-ാമത് ശുപാർശ *'തെരുവു നായ്ക്കളെ പരിശീലിപ്പിച്ച് പോലീസ് നായകളാക്കുന്ന ഒരു പദ്ധതി 2014 ൽ ഡൽഹി പോലീസ് നടപ്പിലാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തും അത്തരം ഒരു പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു'* എന്നതായിരുന്നു.<br><br>ഇത് സംബന്ധിച്ച്, സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും 20.06.2018 തീയതിയിലെ കെ6-20442/2018 എന്ന കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തെരുവുകളിൽ കാണുന്ന ഒട്ടനവധിയായ നായകളിൽ നിന്നും മികച്ച നായ്ക്കളെ തെരെഞ്ഞെടുത്ത് പരിശീലിപ്പിച്ച് ഡോഗ് സ്ക്വാഡിലേയ്ക്ക് എടുക്കുന്നത് പ്രായോഗികമായി വളരെ ബുദ്ധിമുട്ടുള്ളതും ചെലവേറിയതുമാണ്. കൂടാതെ, ഇവയെ പരിശീലനത്തിനായി തെരെഞ്ഞെടുക്കുന്ന വേളയിൽ അവയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് യാതൊരു മാനദണ്ഡവും നിലവിലില്ലാത്തതിനാൽ അവയുടെ തെരെഞ്ഞെടുപ്പും വളരെ ദുഷ്കരമാണ്. ആയതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നത് അപ്രായോഗികമാണ് എന്നുള്ള വിവരം സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്യുകയും പ്രസ്തുത വിവരം നിയമസഭാ സമിതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിക്കായി എന്ത് തുക ചെലവ് വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ